**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **12-02-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ അഴിമതി വർദ്ധിച്ചു വരുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ള Zero Corruption Campaignന്റെ ഭാഗമായി റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ മേധാവികളാക്കിക്കൊണ്ടും മറ്റു ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും 14 ജില്ലകളിലും പരിശോധന നടത്തുന്നതിനായി ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമുകൾ സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും സർക്കാർ തലത്തിൽ ഉന്നതതല പരിശോധന കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ വകുപ്പിൽ അഴിമതി വിരുദ്ധ പരിശോധനകൾ ശക്തിപ്പെടുത്തുന്നതിലേക്കായി കമ്മീഷണറേറ്റ് തലത്തിൽ കളക്ടറേറ്റുകൾ, ആർ ഡി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവയും നടത്തിവരുന്നു.<br><br>കളക്ടറേറ്റ് തലത്തിൽ ആർ ഡി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തി വരുന്നു.<br><br>താലൂക്ക് തലത്തിൽ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ആകസ്മിക പരിശോധനകൾ നടത്തിവരുന്നു.<br><br>അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ റവന്യൂ ടോൾ ഫ്രീ നമ്പർ 18004255255 പരസ്യപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത |

വിവരം എല്ലാ റവന്യൂ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്.

ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും ഉൾപ്പെടുത്തി ദക്ഷിണ/മധ്യ/ഉത്തര എന്നീ മൂന്ന് മേഖലകളായി തിരിച്ച് മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ ലാൻഡ് റവന്യൂ വകുപ്പിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. അപ്രകാരം ലാൻഡ് റവന്യൂ വകുപ്പിൽ ശക്തമായ വിജിലൻസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ടെങ്കിൽപോലും ആകെ ജീവനക്കാരുടെ ആനുപാതികമായി നോക്കുമ്പോൾ ചില ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന കൈക്കൂലി ആരോപണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ റവന്യൂ വകുപ്പിന്റെ പ്രതിച്ഛായയ്ക്ക് കോട്ടം വരുത്തുന്ന വിധത്തിലും, ആത്മാർത്ഥതയോടും സത്യസന്ധമായും ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷ ജീവനക്കാരെയും അപഹാസ്യരാക്കുന്നതായും കണ്ടുവരുന്നു. ഇപ്രകാരം കുറ്റക്കാരാണെന്ന് കാണുന്ന ജീവനക്കാർക്കെതിരെ 1960ലെ കെ.സി.എസ് (സി.സി&എ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വകുപ്പ് നടത്തുന്ന ആകസ്മിക പരിശോധനയിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയവർക്കെതിരെ കർശന വകുപ്പ്തല അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ സർക്കാർ തലത്തിൽ ആകെ 71 ജീവനക്കാർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2021 മുതൽ 2024 വരെയുള്ള കാലയളവിൽ, 3 റവന്യൂ ജീവനക്കാരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും, 3 ജീവനക്കാരുടെ പെൻഷൻ പൂർണ്ണമായും പിൻവലിക്കുകയും, ഒരാളുടെ പെൻഷൻ 50% കുറവ് ചെയ്യുകയും, 1 ജീവനക്കാരനെ ടിയാൻ ജോലി ചെയ്യുന്നതസ്തികയിൽ നിന്നും തരം താഴ്ത്തുകയും ചെയ്തിട്ടുണ്ട്.

നിലവിൽ 14 ജില്ലകളിലായി റവന്യൂ വകുപ്പിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന 184 ജീവനക്കാർക്കെതിരെ കഠിന ശിക്ഷയുള്ളതും, 45 ജീവനക്കാർക്കെതിരെ ലഘു ശിക്ഷയുള്ളതും ആയ അച്ചടക്ക നടപടികൾ, സർക്കാർ തലത്തിൽ

| | | | |
|---|---|---|---|
| | | | കുറ്റപത്രം നൽകി തുടർനടപടികൾ വിവിധ തലങ്ങളിൽ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ എല്ലാ വില്ലേജുകളിലും വില്ലേജ് ഓഫീസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരാതികളും വില്ലേജ് വികസന സമിതി അംഗങ്ങൾ ആയിട്ടുള്ള പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനായി എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച എല്ലാ വില്ലേജുകളിലും വില്ലേജ് വികസന സമിതികൾ യോഗം ചേർന്നുവരുന്നുമുണ്ട്. |
| (ബി) | വിവിധ തലങ്ങളിലുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ള Zero Corruption Campaignന്റെ ഭാഗമായി റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ മേധാവികളാക്കിക്കൊണ്ടും മറ്റ് ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും 14 ജില്ലകളിലും പരിശോധന നടത്തുന്നതിനായി ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമുകൾ സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും സർക്കാർ തലത്തിൽ ഉന്നതതല പരിശോധന കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ വകുപ്പിൽ അഴിമതി വിരുദ്ധ പരിശോധനകൾ ശക്തിപ്പെടുത്തുന്നതിലേക്കായി കമ്മീഷണറേറ്റ് തലത്തിൽ കളക്ടറേറ്റുകൾ, ആർ ഡി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവയും നടത്തിവരുന്നു.<br><br>കളക്ടറേറ്റ് തലത്തിൽ ആർ ഡി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തി വരുന്നു.<br><br>താലൂക്ക് തലത്തിൽ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ആകസ്മിക പരിശോധനകൾ നടത്തിവരുന്നു.<br><br>അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ റവന്യൂ ടോൾ ഫ്രീ നമ്പർ 18004255255 പരസ്യപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത വിവരം എല്ലാ റവന്യൂ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. |

ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും ഉൾപ്പെടുത്തി ദക്ഷിണ/മധ്യ/ഉത്തര എന്നീ മൂന്ന് മേഖലകളായി തിരിച്ച് മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ ലാൻഡ് റവന്യൂ വകുപ്പിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. അപ്രകാരം ലാൻഡ് റവന്യൂ വകുപ്പിൽ ശക്തമായ വിജിലൻസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ടെങ്കിൽപോലും ആകെ ജീവനക്കാരുടെ ആനുപാതികമായി നോക്കുമ്പോൾ ചില ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന കൈക്കൂലി ആരോപണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ റവന്യൂ വകുപ്പിന്റെ പ്രതിച്ഛായയ്ക്ക് കോട്ടം വരുത്തുന്ന വിധത്തിലും, ആത്മാർത്ഥതയോടും സത്യസന്ധമായും ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷ ജീവനക്കാരെയും അപഹാസ്യരാക്കുന്നതായും കണ്ടുവരുന്നു. ഇപ്രകാരം കുറ്റക്കാരാണെന്ന് കാണുന്ന ജീവനക്കാർക്കെതിരെ 1960ലെ കെ.സി.എസ് (സി.സി&എ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വകുപ്പ് നടത്തുന്ന ആകസ്മിക പരിശോധനയിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയവർക്കെതിരെ കർശന വകുപ്പ്തല അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ സർക്കാർ തലത്തിൽ ആകെ 71 ജീവനക്കാർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2021 മുതൽ 2024 വരെയുള്ള കാലയളവിൽ, 3 റവന്യൂ ജീവനക്കാരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും, 3 ജീവനക്കാരുടെ പെൻഷൻ പൂർണ്ണമായും പിൻവലിക്കുകയും, ഒരാളുടെ പെൻഷൻ 50% കുറവ് ചെയ്യുകയും, 1 ജീവനക്കാരനെ ടിയാൻ ജോലി ചെയ്യുന്നതസ്തികയിൽ നിന്നും തരം താഴ്ത്തുകയും ചെയ്തിട്ടുണ്ട്.

നിലവിൽ 14 ജില്ലകളിലായി റവന്യൂ വകുപ്പിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന 184 ജീവനക്കാർക്കെതിരെ കഠിന ശിക്ഷയുള്ളതും, 45 ജീവനക്കാർക്കെതിരെ ലഘു ശിക്ഷയുള്ളതും ആയ അച്ചടക്ക നടപടികൾ, സർക്കാർ തലത്തിൽ കുറ്റപത്രം നൽകി തുടർനടപടികൾ വിവിധ തലങ്ങളിൽ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ എല്ലാ വില്ലേജുകളിലും വില്ലേജ് ഓഫീസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരാതികളും വില്ലേജ് വികസന സമിതി അംഗങ്ങൾ ആയിട്ടുള്ള പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനായി എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച എല്ലാ വില്ലേജുകളിലും വില്ലേജ് വികസന സമിതികൾ യോഗം ചേർന്നുവരുന്നുമുണ്ട്. |
| (സി) | കടലാസ് രഹിത വില്ലേജ് ഓഫീസ് സംവിധാനം അഴിമതി കുറയ്ക്കുന്നതിന് സഹായകരമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | റവന്യൂ ഭരണം സുതാര്യവും അഴിമതി രഹിതവുമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനുവേണ്ടി വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയിട്ടുള്ളതാണ്.<br><br>റവന്യൂ വകുപ്പ് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയതിലൂടെ അഴിമതി വലിയ അളവിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. പരമാവധി സേവനങ്ങൾ ഇ-ഗവർണൻസ് പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിലേക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കുവാനും അപേക്ഷയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിനും സേവനങ്ങൾ വീട്ടിലിരുന്നു തന്നെ സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ സർക്കാർ പ്രവർത്തനങ്ങൾ സുതാര്യമാകുകയും സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടി വരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ ഗണ്യമായി കുറയുകയും ചെയ്യുന്നു. ഇതിലൂടെ സർക്കാർ സേവനങ്ങളുടെ ലഭ്യതാ മൂല്യം (Value of Service) വർദ്ധിക്കുകയും ജനങ്ങൾ ടി നടപടിക്രമങ്ങളിൽ നേരിട്ട് പങ്കാളികൾ ആകുന്നതിനാൽ, ഇത്തരം സേവനങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.<br><br>ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും ഇ-ഡിസ്ട്രിക്ട് സംവിധാനം മുഖേന സർട്ടിഫിക്കറ്റ് വിതരണം സാദ്ധ്യമായതിലൂടെയും അഴിമതി ഗണ്യമായ രീതിയിൽ കുറവ് വന്നിട്ടുള്ളതാണ്. |
| (ഡി) | റവന്യൂ വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ നൂതന പദ്ധതികൾ | (ഡി) | റവന്യൂ വകുപ്പ് അഴിമതി രഹിതമാക്കുന്നതിനായും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ റവന്യൂ |

| | | | |
|---|---|---|---|
| | ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | ഓഫീസുകളിൽ നിന്നും ജനങ്ങൾക്കു നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം, സുതാര്യത എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഓൺലൈൻ പോർട്ടലുകൾ മുഖേനയുള്ള 21 സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ